ഒരു ലക്ഷം യുവതീയുവാക്കൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതി

222 (1191) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് മുഖേന 1994-95 വർഷത്തിൽ കാർഷിക മേഖലയിൽ സർക്കാർ നടപ്പിലാക്കിയ ഒരു ലക്ഷം യുവതീയുവാക്കൾക്കുള്ള പ്രത്യേക തൊഴിൽദാനപദ്ധതി പ്രകാരം അംഗങ്ങൾ ആയവർക്ക് സർക്കാർ വാഗ്ദാനം ചെയ്ത തൊഴിൽ നൽകിയോ ;

(ബി) തൊഴിൽ വാഗ്ദാനം നൽകി എത്ര പേരുടെ കൈയിൽ നിന്നും പണം വാങ്ങിയിട്ടുണ്ട് ; ഓരോരുത്തരുടെയും കൈയിൽ നിന്നും എത്ര രൂപ വീതം വാങ്ങിയെന്നും ആകെ എത്ര രൂപ വാങ്ങിയെന്നും വ്യക്തമാക്കുമോ ;

(സി) ലക്ഷം തൊഴിൽദാന പദ്ധതി അംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി പ്രത്യേകം എത്ര തസ്തികകൾ സൃഷ്ടിച്ചു ; എത്ര ഉദ്യോഗസ്ഥരെ നിയമിച്ചു ; അവരിപ്പോഴും അതാത് തസ്തികയിൽ തുടരുന്നുണ്ടോ ; എങ്കിൽ അവർക്ക് നാളിതുവരെ എത്ര രൂപ ശമ്പളയിനത്തിൽ നൽകിയിട്ടുണ്ട് ; ഇതു സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ കേസ് എന്തെങ്കിലും നിലവിലുണ്ടോ ; എങ്കിൽ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ഡി) ഈ പദ്ധതിയിലെ അംഗങ്ങൾക്ക് നാളിതുവരെ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ; വിശദീകരിക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതി പ്രകാരം അംഗങ്ങൾക്ക് തൊഴിൽ നല്കാം എന്ന് വാഗ്ദാനം ചെയ്തിട്ടില്ല. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽ സ്വയംതൊഴിൽ കണ്ടെത്തി ഉപജീവനം നടത്തുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 1993-94-ൽ ആരംഭിച്ച പദ്ധതിയാണിത്. പദ്ധതിയംഗങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളും വായ്പാ സൗകര്യങ്ങൾക്കുള്ള സഹായവും കൃഷി ഭവൻ തലത്തിൽ നൽകിവരുന്നുണ്ട്.

(ബി) ഈ പദ്ധതിയിൽ തൊഴിൽ വാഗ്ദാനം ചെയ്തിട്ടില്ല. 97,849 പേർ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ടി അംഗങ്ങളിൽ നിന്നും 100 രൂപ രജിസ്ട്രേഷൻ ഫീസായും 1000 രൂപ പദ്ധതി വിഹിതമായും വാങ്ങിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിന്നും രജിസ്ട്രേഷൻ ഫീസ് 100 രൂപ മാത്രമേ വാങ്ങിയിട്ടുള്ളൂ. ആകെ 10,41,98,508 രൂപ (പത്തു കോടി നാല്പത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി അഞ്ഞൂറ്റി എട്ടു രൂപ) ലഭിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി നടത്തിപ്പിനായി 30-3-1994-ലെ സ.ഉ.(എംഎസ്.)122/94/കൃഷി, പ്രകാരം ആകെ 91 തസ്തികകൾ വിവിധ തലങ്ങളിൽ കൃഷി വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകൾ തുടർന്നു വരുന്നുണ്ട്. ശമ്പളയിനത്തിൽ ചെലവായ തുക പ്രത്യേകം തിട്ടപ്പെടുത്തിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ 2 കേസുകൾ നിലവിലുണ്ട്. ടി കേസുകൾ ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണ്.

LIBRARY ARCHIVES KERALA LEGISLATIVE ASSEMBLY

(ഡി) കാർഷിക മേഖലയിൽ ഒരു ലക്ഷം യുവതീയുവാക്കൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനം നടത്തുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ 1993-94-ൽ ആരംഭിച്ച പദ്ധതിയാണ്. പദ്ധതിയംഗങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളും വായ്പാ സൗകര്യങ്ങൾക്കുള്ള സഹായവും കൃഷി ഭവൻ തലത്തിൽ നല്കി വരുന്നുണ്ട്. ഈ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്നവരുടെ നോമിനിക്ക് 25,000 രൂപ (ഇരുപത്തി അയ്യായിരം രൂപ) വീതം ആനുകൂല്യം നല്കി വരുന്നുണ്ട്. 14-10-2010-ലെ സ.ഉ.(എംഎസ്.)272/10/കൃഷി, നമ്പർ ഉത്തരവുപ്രകാരം പദ്ധതിയിൽ നിന്നും സ്വമേധയാ പിരിഞ്ഞുപോകാനാഗ്രഹിക്കുന്നവർക്കും മറ്റു തൊഴിൽ ലഭിച്ചു പോയവർക്കും 5,000 രൂപ (അയ്യായിരം രൂപ മാത്രം) ധനസഹായം നല്കാൻ ഉത്തരവായിട്ടുണ്ട്. പദ്ധതി പുനഃസംഘടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കാർഷിക മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം

223 (1192) <u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ബി) കേന്ദ്ര സഹായ പദ്ധതികളുടെ നടത്തിപ്പിൽ പുരോഗതി കുറവാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കേന്ദ്ര സഹായ പദ്ധതികളുടെ നടപ്പ് സാമ്പത്തിക വർഷത്തെ അടങ്കൽ എത്രയാണ് ;

(ഡി) അതിൽ എന്തു തുക ചെലവഴിച്ചെന്നും, കൈവരിച്ച ഭൗതിക നേട്ടം എത്ര ശതമാനം വരുമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കൃഷി ഭവനുകൾ വഴി നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറും സംസ്ഥാനതലത്തിൽ കൃഷി ഡയറക്ടറും നടത്താറുണ്ട്. ഇതിനുപുറമേ സർക്കാർ തലത്തിലും പദ്ധതികളുടെ അവലോകനം നടത്താറുണ്ട്.

(ബി) കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിൽ പുരോഗതി കുറവാണെന്ന് കാണുന്ന സന്ദർഭങ്ങളിൽ അത്തരം പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് പ്രത്യേക അവലോകനം നടത്തി പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

LIBRARY KERALA LEGISLATIVE ASSEMBLY